**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **30-09-2025 - ൽ മറുപടിയ്ക്ക്**

**സുരക്ഷിതവും ഗുണനിലവാരവുമുള്ളതുമായ തൊഴിൽ കുടിയേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരമുള്ളതുമായ തൊഴിൽ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നോർക്ക റൂട്ട്സിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരവുമുള്ളതായ കുടിയേറ്റത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് നോർക്ക റൂട്ട്സ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു. കുടിയേറുന്ന രാജ്യത്തെക്കുറിച്ചും തൊഴിൽ സാഹചര്യത്തെക്കുറിച്ചും വ്യക്തമായ തീരുമാനങ്ങൾ എടുക്കുന്നതിനും പുതിയ രാജ്യത്ത് വിജയിക്കാൻ ആവശ്യമായ അറിവ്, കഴിവ്, ആത്മവിശ്വാസം എന്നിവ വളർത്തി വ്യക്തികളെ സജ്ജരാക്കുന്നതിനും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സഹായിക്കുന്നു. ഇത് അന്താരാഷ്ട്ര കുടിയേറ്റവുമായി ബന്ധപ്പെട്ട അപകടസാധ്യതകളും വെല്ലുവിളികളും കുറയ്ക്കുന്നു. കുടിയേറുന്ന രാജ്യത്ത് സുരക്ഷിതവും വിജയകരവുമായി എത്തിച്ചേരുന്നതിനും, അവിടുത്തെ സാംസ്കാരിക, തൊഴിൽ സാഹചര്യങ്ങൾ, പൊതു നിയമങ്ങൾ എന്നിവയെക്കുറിച്ചും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളിലൂടെ അവബോധം നൽകുന്നു. പ്രധാനമായും നഴ്സിംഗ് കോളേജുകൾ കേന്ദ്രീകരിച്ചാണ് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തി വരുന്നത്. കഴിഞ്ഞ വർഷം നഴ്സിംഗ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി 16 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.<br>സുരക്ഷിത കുടിയേറ്റം മുൻനിർത്തി ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പോസ്റ്ററുകൾ, ഷോർട്ട് വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചു വരുന്നു. വിസ/തൊഴിൽ തട്ടിപ്പിനിരയാകുന്നവരുടെയും അനധികൃത ഏജന്റുമാരുടെ ചതിക്കുഴികളിൽപെടുന്നവരുടെയും എണ്ണം വർദ്ധിച്ചു വരുന്നതിനാൽ കൂടുതൽ ശക്തവും കാര്യക്ഷമവുമായ ഇടപെടലുകൾ നടത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | കേരളീയ പ്രവാസികാര്യ വകുപ്പ്, കേരള പോലീസിന്റെയും വിദേശ കാര്യ മന്ത്രാലയത്തിനു കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെയും സഹകരണത്തോടെ ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>'ഓപ്പറേഷൻ ശുഭയാത്ര'യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പോലീസ് സൂപ്രണ്ട് എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br><br>വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇ-മെയിലുകൾ വഴിയും 0471-2721547 എന്ന ഹെൽപ് ലൈൻ നമ്പർ വഴിയും അറിയിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഉന്നതവിദ്യാഭ്യാസം നേടിയ കേരളത്തിലെ യുവതീയുവാക്കൾക്ക് ലോകത്തെവിടെയും തൊഴിലവസരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ യുവതീ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള സാങ്കേതിക കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തിവരുന്നു.<br><br>വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവ തൊഴിൽ അന്വേഷകർക്ക് ഈ മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡേറ്റാ സയൻസ് & അനലിറ്റിക്സ് എന്നീ കോഴ്സുകൾ ഐസിറ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു.<br><br>പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ, നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം മുഖേന ആകെ 1040 യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. (ICT-553, Nice- Anep-77, ASAP-141, LBS-55, OET-151, Language-63). കൂടാതെ German, Japanees, Spoken Arabic, English (IELTS, OET) എന്നീ ഭാഷകളിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ Norka Institute of Foreign Language എന്ന സ്ഥാപനം മുഖേന പരിശീലനം നടത്തി വരുന്നു. |
| (സി) | കുടിയേറ്റ ഏജന്റുമാരുടെ വഞ്ചനയും തട്ടിപ്പും കുറയ്ക്കുന്നതിനായി ഭാഷാ പരിശീലന കേന്ദ്രങ്ങളെയും റിക്രൂട്ട്മെന്റ് ഏജൻസികളെയും കൃത്യമായി നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വിദേശ കാര്യ മന്ത്രാലയത്തിനു കീഴിലുള്ള പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സിന്റെ നിയന്ത്രണത്തിലാണ് റിക്രൂട്ട്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നത്. എന്നിരുന്നാലും കുടിയേറ്റ ഏജന്റുമാരുടെ വഞ്ചനയും തട്ടിപ്പും കുറയ്ക്കുന്നതിനായി കേരള പോലീസും, പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സുമായി ചേർന്ന് ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 'ഓപ്പറേഷൻ ശുഭയാത്ര'യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സാധ്യമാക്കുന്നതിന് സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്. പരാതികൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന പരാതി പരിഹാരം, വിദേശ രാജ്യങ്ങളിലെ പ്രസക്തമായ നിയമനിർമ്മാണങ്ങളെക്കുറിച്ചുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ മെറ്റീരിയലുകളും അപ്ഡേറ്റുകളും നൽകുന്ന ഒരു സമഗ്ര വെബ്സൈറ്റിന്റെ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ദുരിതത്തിലായ വിദ്യാർത്ഥികൾക്ക് ഡയസ്പോറ കണക്ഷനുകൾ, നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ എന്നിവയിലൂടെ ആവശ്യമായ സഹായങ്ങളും ഈ പദ്ധതി നൽകുന്നു. സ്റ്റുഡന്റ് മൈഗ്രേഷനുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ നൽകുന്നതിന് സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ അന്തിമ ഘട്ടത്തിലാണ്.<br>സുരക്ഷിതവും സുതാര്യവുമായ കുടിയേറ്റം, വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അവ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് റിക്രൂട്ട്മെന്റ് ഏജൻസികളെ ഒരുമിപ്പിക്കുക എന്നീ വിഷയങ്ങളെ അധികരിച്ച് കൊണ്ട് നോർക്ക വകുപ്പും പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി തിരുവനന്തപുരത്ത് വച്ച് വിദേശ റിക്രൂട്ട്മെന്റ് |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെ ഏകദിന ശിൽപശാല സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വിശ്വമാകെ വ്യാപിച്ചുകിടക്കുന്ന പ്രവാസി സമൂഹത്തിന് വലിയ പങ്കുണ്ട് എന്നത് പരിഗണിച്ച് പ്രവാസി മിഷൻ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | നാലാം ലോക കേരള സഭയിൽ ഉയർന്നു വന്ന നിർദേശം അനുസരിച്ച് കേരള സർക്കാർ നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രവാസി മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പുനരധിവാസ / പുനഃസംയോജന ശ്രമങ്ങളെ ഏകീകരിക്കാനും വിപുലീകരിക്കാനും ഇതിനു കഴിയും. പ്രവാസി മിഷൻ, കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രവാസികളുടെ സാമ്പത്തിക പുനസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസന ചട്ടക്കൂടിലേക്ക് കൃത്യമായി ഉപയോഗപ്പെടുത്താൻ സഹായിക്കുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നിവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് 2 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച മാർഗരേഖ ഉടൻ പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ